
എ.വൈ.ആർ

# സൂറ - 30 / അർറൂം

## സൂക്തം: 30 - 31

ശുദ്ധ പ്രകൃതിയിൽ ജനിക്കുന്ന മനുഷ്യരുടെ പ്രകൃതിയെ വികൃതമാക്കുന്നത് അവന്റെ ചുറ്റുപാട്- കുടുംബവും സമുദായവുമാണ്. ചെറുപ്പം മുതലേ കണ്ടറിയുന്നതിനോടും കേട്ടറിയുന്നതിനോടും- അറിവുകൾ തികച്ചും തെറ്റാണെങ്കിലും- അവൻ അനായാസം സമരസപ്പെടുന്നു. അവന്റെ ഉള്ളിൽ ചെകുത്താൻ പ്രചോദിപ്പിക്കുന്ന ദുർവാസനകളും ദുർവികാരങ്ങളും ഈ സമരസപ്പെടലിന് ആക്കം കൂട്ടുന്നു. ഇങ്ങനെ മലിനീകരിക്കപ്പെടുന്ന പ്രകൃതിയെ വിമലീകരിക്കാനും അല്ലാഹു ചില സജ്ജീകരണങ്ങളേർപ്പെടുത്തിയിരിക്കുന്നു.



فَأَقِمْ وَجْهَكَ لِلدِّينِ حَنِيفًا ۚ فِطْرَتَ اللَّهِ الَّتِي فَطَرَ النَّاسَ
عَلَيْهَا ۚ لَا تَبْدِيلَ لِخَلْقِ اللَّهِ ۚ ذَٰلِكَ الدِّينُ الْقَيِّمُ وَلَٰكِنَّ أَكْثَرَ
النَّاسِ لَا يَعْلَمُونَ ﴿٣٠﴾

30. ആകയാൽ പ്രവാചകൻ നിഷ്കളങ്കമായി ഈ ദീനിലേക്കുന്മുഖനായി നിലകൊള്ളുക. അല്ലാഹു മനുഷ്യരെ സൃഷ്ടിച്ചിട്ടുള്ള അതേ പ്രകൃതിയെ പിന്തുടരുക. അല്ലാഹുവിന്റെ സൃഷ്ടിഘടന മാറ്റമില്ലാത്തതാകുന്നു. ഇതത്രെ തികച്ചും ഋജുവായ സത്യദീൻ. പക്ഷേ അധിക മനുഷ്യരും ഈ സത്യം അറിയുന്നില്ല.

**30**

فَأَقِمْ وَجْهَكَ = നിന്റെ മുഖത്തെ നിർത്തുക (നീ ഉന്മുഖനായി നിലകൊള്ളുക)

لِلدِّينِ = ഈ ദീനിനു (നിലേക്ക്) നേരെ حَنِيفًا = നിഷ്കളങ്കനായിട്ട്

فِطْرَتَ اللَّهِ = അല്ലാഹുവിന്റെ പ്രകൃതിയെ (പിന്തുടരുക) الَّتِي فَطَرَ النَّاسَ عَلَيْهَا = അവൻ മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളതായ

لَا تَبْدِيلَ = മാറ്റമില്ലാത്തതാകുന്നു لِخَلْقِ اللَّهِ = അല്ലാഹുവിന്റെ സൃഷ്ടിഘടനക്ക്

ذَٰلِكَ الدِّينُ الْقَيِّمُ = അതത്രെ (തികച്ചും) ഋജുവായ (സത്യ) ദീൻ

وَلَٰكِنَّ أَكْثَرَ النَّاسِ = പക്ഷേ അധിക മനുഷ്യരും لَا يَعْلَمُونَ = (ഈ സത്യം) അറിയുന്നില്ല

ക്രൈസ്തവ റോമിന്റെ പരാജയത്തെയും മജൂസി പേർഷ്യയുടെ വിജയത്തെയും കരുവാക്കി വിഗ്രഹാരാധകർ ഇസ്‌ലാമിനെതിരെ ഉന്നയിച്ച വിമർശനങ്ങൾക്ക് മറുപടി പറഞ്ഞ ശേഷം സത്യവിശ്വാസികളെ ഉദ്ബോധിപ്പിക്കുകയാണ്. ഇവിടെ സംബോധന ചെയ്യുന്നത് പ്രവാചകനെയാണെങ്കിലും അദ്ദേഹത്തെ മുൻനിർത്തി മുഴുവൻ വിശ്വാസികളോടുമാണ് സംസാരിക്കുന്നതെന്ന് അടുത്ത സൂക്തത്തിലെ مُنِيبِينَ എന്ന ബഹുവചനപ്രയോഗത്തിൽനിന്ന് വ്യക്തമാകുന്നു. പ്രവാചക സന്ദേശത്തിന്റെ യാഥാർഥ്യം വിലയിരുത്താൻ കൂട്ടാക്കാതെ സ്വേഛകളുടെ പിമ്പേ ഗമിക്കുന്ന ഇക്കൂട്ടരുടെ കുതർക്കങ്ങളും നിലപാടുകളും അവഗണിച്ചുകൊണ്ട് നിങ്ങൾ നിഷ്കളങ്കരായും ഏകാഗ്രചിത്തരായും, ഖുർആൻ അവതരിപ്പിച്ചുതരുന്ന ഈ ധർമശാസനയിൽ നിലകൊള്ളുക എന്നാണ് ഉദ്ബോധിപ്പിക്കുന്നത്. അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളത് ഏതു പ്രകൃതിയിലാണോ ആ പ്രകൃതിയുടെ ഭാഗമാണീ ധർമം. അതാണ് ഋജുവായ ധർമവ്യവസ്ഥ. ദീനുൽ ഇസ്‌ലാമിന്റെ യാഥാർഥ്യവും, ദീനും മനുഷ്യപ്രകൃതിയും തമ്മിലുള്ള അഭേദ്യമായ ബന്ധവും സംക്ഷിപ്തമായി അവതരിപ്പി

ക്കുന്ന ഈ സൂക്തം സൂക്ഷ്മമമായി പഠിക്കപ്പെടേണ്ടതാണ്.

إِقَامَة (നിലനിർത്തുക, സ്ഥാപിക്കുക)-യിൽനിന്നുള്ള ശാസനാ ക്രിയ(امر) ആണ് أَقِمْ. നിന്റെ മുഖം സ്ഥിരമാക്കി നിർത്തുക, അഥവാ നീ സദാ ഉന്മുഖനായിരിക്കുക എന്നാണ് أَقِمْ وَجْهَكَ-യുടെ ആശയം. لِلدِّينِ -ദീനിനു വേണ്ടി, അഥവാ ദീനിലേക്ക്. മുകളിൽനിന്ന് അനുശാസിതമായ തത്ത്വങ്ങളും നിയമങ്ങളുമാണ് دِين. മതം, ധർമം, ധർമവ്യവസ്ഥ എന്നൊക്കെ അതിനെ തർജമ ചെയ്യുമ്പോൾ ഉദ്ദേശ്യം ഈ ആശയങ്ങളാണ്. രാജനീതിക്ക് دين الملك എന്നു പറയും. ഖുർആൻ الدِّين എന്നു പറയാറുള്ളത് دين الله -ദൈവം അനുശാസിച്ച ധർമവ്യവസ്ഥ എന്ന അർഥത്തിലാണ്. അതുതന്നെയാണ് دين الاسلام. 3:19 -ൽ إِنَّ الدِّينَ عِندَ اللَّهِ الْإِسْلَامُ -അല്ലാഹുവിങ്കൽ യഥാർഥ ധർമം ഇസ്‌ലാം മാത്രമാകുന്നു- എന്നു പ്രസ്താവിച്ചിരിക്കുന്നു. أَقِمْ وَجْهَكَ لِلدِّينِ എന്ന വാക്യം നീ ദീൻ നിലനിർത്തുന്നതിലേക്കുന്മുഖനാവുക എന്ന ആശയത്തെയും ഉൾക്കൊള്ളുന്നു. മുഹമ്മദ് നബി(സ) ഉൾപ്പെടെയുള്ള സകല പ്രവാചകന്മാരോടും അല്ലാഹു കൽപിച്ചിട്ടുണ്ട് اقامة الدِّين- ദീനിന്റെ സംസ്ഥാപനം ചായ്‌വിനെ കുറിക്കുന്ന حَنَف-ൽനിന്നുള്ള ഉത്തമ വാചി(مبالغة) ആണ് حَنِيفًا. അസത്യത്തിലേക്കും അധർമത്തിലേക്കും തീരെ ചായാതെ സത്യത്തിലേക്കും ധർമത്തിലേക്കും മാത്രം ചായ്‌വുള്ള മനോഭാവത്തെ കുറിക്കാനാണ് സാധാരണ حَنِيف ഉപയോഗിക്കാറുള്ളത്. ഇവിടെ ദീനിലേക്കുള്ള ഉന്മുഖതയെ حَنِيفًا എന്നു വിശേഷിപ്പിച്ചതിനെ വ്യാഖ്യാതാക്കൾ രണ്ടു രീതിയിൽ വീക്ഷിച്ചിരിക്കുന്നു: 1. വിശേഷിപ്പിക്കപ്പെടുന്നത് പ്രവാചകനാണ്. അതായത്, മറ്റു മതങ്ങളിലോ ദർശനങ്ങളിലോ നിയമവ്യവസ്ഥകളിലോ യാതൊരു താൽപര്യവുമില്ലാതെ അദ്ദേഹം ദൈവിക ദീനിൽ മാത്രം തൽപരനായിരിക്കണം. ഇതാണ് കൂടുതൽ സ്വീകാര്യമായ വ്യാഖ്യാനം. ഇബ്‌റാഹീം നബിയെ إِنَّ إِبْرَاهِيمَ كَانَ أُمَّةً قَانِتًا لِّلَّهِ حَنِيفًا (ഇബ്‌റാഹീം സ്വയം ഒരു സമുദായമായിരുന്നു. നിഷ്കളങ്കനായി അല്ലാഹുവിനോടു മാത്രം വണക്കം പാലിച്ചവൻ- 16:120) എന്നു വിശേഷിപ്പിച്ചിരിക്കുന്നു. അസത്യത്തിന്റെയോ വിഗ്രഹാരാധനയുടെയോ കളങ്കമേശാത്ത ദീൻ എന്നാണ് രണ്ടാമത്തെ വ്യാഖ്യാനം. രണ്ട് വ്യാഖ്യാനവും സാധുവാകുന്നു. രണ്ടും ഉദ്ദേശ്യവുമാണ്. ഇസ്‌ലാമിനെ ഏതെങ്കിലും ക്ഷണിക താൽപര്യങ്ങളുടെ പേരിലോ ഭാഗികമായോ അംഗീകരിക്കുകയും അനുഷ്ഠിക്കുകയും ചെയ്താൽ പോരാ, ഈ ദീൻ അല്ലാഹുവിങ്കൽനിന്ന് അനുശാസിതമായ പൂർണസത്യമാകുന്നു എന്ന ദൃഢ ബോധ്യത്തോടെ, കൂറും വിശ്വാസവും ഇതിനെതിരായ ദർശനങ്ങൾക്കൊന്നും പങ്കുവെക്കാതെ നിഷ്കളങ്കതയോടെ, ആത്മാർഥതയോടെ അംഗീകരിക്കുകയും അനുഷ്ഠിക്കുകയും സ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്യണമെന്നാണ് أَقِمْ وَجْهَكَ لِلدِّينِ حَنِيفًا എന്ന വാക്യത്തിന്റെ താൽപര്യം.

فطرة-ൽനിന്നുള്ള ക്രിയയാണ് فَطَرَ. ഇതിന് പിളർപ്പ്, ഭഞ്ജനം, നിർമാണം എന്നിങ്ങനെ വ്യത്യസ്ത അർഥങ്ങളുണ്ട്. ഒരു വസ്തുവിനെ സവിശേഷമായ രീതിയിൽ ചെത്തിമിനുക്കി നിർമിക്കുന്നതിനാണ് فَطَرَ എന്നു പറയുക. ആ സൃഷ്ടിയുടെ സവിശേഷ രൂപഘടനയെയും ഗുണങ്ങളെയും ധർമങ്ങളെയും അതിന്റെ പ്രകൃതി- فطرة എന്നും പറയുന്നു. ഈ അർഥത്തിലാണ് അല്ലാഹു فَطَرَ النَّاسَ എന്നു പറയുന്നത്. സൃഷ്ടിയിൽ മനുഷ്യന് നൽകിയ മൗലിക ബോധങ്ങളും നൈസർഗിക വാസനകളുമാണ് അവന്റെ فطرة-പ്രകൃതി. ഇവിടെ فطرة എന്ന പദം അന്ത്യാക്ഷരത്തിന് അകാരം നൽകി പ്രയോഗിച്ചത് അത് അനുക്തമായ ഒരു ക്രിയയുടെ കർമമാണ് എന്ന് സൂചിപ്പിക്കുന്നു. اتَّبِعْ- നീ പിന്തുടരുക- എന്നാണ് ആ അനുക്ത ക്രിയ എന്ന് വ്യാഖ്യാതാക്കൾ പൊതുവിൽ കരുതുന്നു.

മനുഷ്യപ്രകൃതി പൂർവിക പണ്ഡിതന്മാരും ആധുനിക പണ്ഡിതന്മാരും വിശാലമായി ചർച്ച ചെയ്തിട്ടുണ്ട്. അതിന്റെ ഗഹനതകളിലേക്കിറങ്ങാതെ സാമാന്യ വായനക്കാർക്ക് ഗ്രാഹ്യമായ രീതിയിൽ പ്രകൃതിയെ പരിചയപ്പെടുത്താൻ ശ്രമിക്കുകയാണിവിടെ. അടിസ്ഥാനപരമായി മനുഷ്യന്റെ ശരീരഘടനയും അവയവ ധർമവും ഒരുപോലെയാണ്. കൈ പിടിക്കാനുള്ളതും കാല് നടക്കാനുള്ളതും കണ്ണ് കാണാനുള്ളതും ചെവി കേൾക്കാനുള്ളതുമാണ്. അതാണ് ആ അവയവങ്ങളുടെ പ്രകൃതിധർമം. ഈ പ്രകൃതിക്ക് വിരുദ്ധമായി കൈ നടക്കാനും കാൽ പിടിക്കാനും ഉപയോഗിക്കുകയാണെങ്കിൽ രണ്ടിന്റെയും പ്രവർത്തനം വികലവും വിഷമകരവുമാകും. കണ്ണ് കേൾക്കാനും കാത് കാണാനും ഉപയോഗിക്കാമെന്നുവെച്ചാൽ ഒട്ടും നടക്കുകയുമില്ല. എല്ലാ അവയവങ്ങളെയും പ്രകൃതിധർമത്തിനൊത്ത് പ്രവർത്തിപ്പിക്കുമ്പോഴാണ് സ്വാഭാവിക ജീവിതം സാധ്യമാകുന്നത്. ശരീരത്തിനെന്ന പോലെ മനുഷ്യമനസ്സിനും സവിശേഷമായ പ്രകൃതിയുണ്ട്. ബോധവും ബുദ്ധിയും വിവേചനശക്തിയും വികാരങ്ങളുമെല്ലാം അതിന്റെ ഭാഗമാണ്. ആരും പഠിപ്പിക്കാതെ ജന്മനാ ലഭിക്കുന്ന ചില മൗലികബോധ്യങ്ങളുണ്ട്. സത്യമാണ് ശരി, അസത്യം തെറ്റാണ്. നീതിയാണ് നന്മ, അനീതി തിന്മയാണ് എന്നിവ പോലെ. കാരണങ്ങളിൽനിന്ന് കാരണം മനസ്സിലാക്കുക, കാര്യത്തിൽനിന്ന് കാര്യം മനസ്സിലാക്കുക എന്നതും മനുഷ്യന്റെ പ്രകൃതിയാണ്. പ്രകൃതിപരമായ ഈ കഴിവിലൂടെയാണ് സൃഷ്ടിക്കു പിന്നിൽ സ്രഷ്ടാവുണ്ടെന്നും സൃഷ്ടി സ്രഷ്ടാവിന് വിധേയമാണെന്നും മനസ്സിലാക്കുന്നത്.

കൈ പിടിക്കാനുള്ളതും കാല് നടക്കാനുള്ളതുമാകുന്നു എന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. കൈ നടക്കാനും കാല് പിടിക്കാനും ഉപയോഗിക്കണമെന്നനുശാസിക്കുന്ന ഒരു ദർശനം ഇതുവരെ പ്രത്യക്ഷപ്പെട്ടിട്ടില്ല. അതുപോലെ, നീതിയല്ല അനീതിയാണ് നന്മ, സത്യമല്ല അസത്യമാണ് ശരി എന്നനുശാസിക്കുന്ന ദർശനവും ഇല്ല. അതുകൊണ്ട് ഇത്തരം മാനുഷിക ബോധ്യങ്ങൾ കോട്ടമില്ലാതെ നിലനിൽക്കുന്നു. പ്രയോഗതലത്തിൽ ചിലർ അതിനെ നിഷേധിക്കുമ്പോഴും ബോധ്യം മാറുന്നില്ല. മോഷണം മോശമാണെന്ന ബോധ്യത്തോടെ തന്നെയാണ് മോഷ്ടാവ് അത് ചെയ്യുന്നത്. ക്ഷണികമായ ക്ഷുദ്രവാസനകൾ ചിലപ്പോൾ ഈ ബോധ്യത്തെ മറികടക്കുകയാണ്. ഇങ്ങനെ നിരന്തരം മറികടക്കുമ്പോൾ ക്രമേണ സദ്ബോധം നിഷ്പ്രഭമാവുകയും ദുർവാസനകൾ പ്രബലമാവുകയും ചെയ്യും. അപ്പോഴാണ് ചിലർ സത്യവും ധർമവും നീതിയുമൊക്കെ മിഥ്യകളാണ് എന്ന ദുർ ദർശനത്തിലെത്തുന്നത്. ദൈവം ഉണ്ട്, അവൻ ഏകനും പരമാധികാരിയുമാകുന്നു എന്ന മൗലികബോധവും മനുഷ്യന്റെ പ്രകൃതിയിൽ ഉള്ളതാണ്. അതിനെതിരെ അകത്തുനിന്ന് ദുർവാസനകളുണരുകയോ പുറമെനിന്ന് ദുഷ്പ്രേരണകളുണ്ടാവുകയോ ചെയ്യാത്തിടത്തോളം കാലം അത് ശുദ്ധ രൂപത്തിൽ നിലനിൽക്കുകയും ചെയ്യും. ഈ ആശയം സ്പഷ്ടമാക്കിക്കൊണ്ട് നബി(സ) പ്രസ്താവിച്ചതായി ബുഖാരിയും മുസ്‌ലിം ഉദ്ധരിക്കുന്നു:

مَا مِنْ مَوْلُودٍ يُولَدُ إِلاَّ عَلَى الْفِطْرَةِ، فَأَبَوَاهُ يُهَوِّدَانِهِ أَوْ يُنَصِّرَانِهِ أَوْ يُمَجِّسَانِهِ،
كَمَا تُنْتَجُ الْبَهِيمَةُ بَهِيمَةً جَمْعَاءَ هَلْ تُحِسُّونَ فِيهَا مِنْ جَدْعَاءَ

(ഓരോ മനുഷ്യനും ജനിക്കുന്നത് ശുദ്ധ പ്രകൃതിയിലാണ്. പിന്നെ മാതാപിതാക്കൾ അവനെ ജൂതനോ ക്രിസ്ത്യാനിയോ മജൂസിയോ ആക്കുന്നു. കാലികൾ കുറ്റമറ്റ കാലികളെ ജനിപ്പിക്കുന്നതുപോലെ. അവയിൽ ചെവി മുറിക്കപ്പെട്ട് ജനിക്കുന്നവയെ നിങ്ങൾ കാണാറുണ്ടോ?). ഇങ്ങനെ പ്രസ്താവിച്ച ശേഷം അതിനെ ദൃഢീകരിക്കാൻ നബി(സ) *അർറൂമി*ലെ ഈ 30-ാം സൂക്തം ഉദ്ധരിച്ചതായി ചില നിവേദനങ്ങളിലുണ്ട്. മറ്റൊരു പ്രസ്താവന ഇങ്ങനെ:

كل نسمة تولد على الفطرة حتى يعرب عنه لسانها فابواه يهودانها وينصرانها

(ഓരോ സന്തതിയും ജനിക്കുന്നത് ശുദ്ധ പ്രകൃതിയിലാണ്. അങ്ങനെ അത് സംസാരിച്ചു തുടങ്ങിയാൽ മാതാപിതാക്കൾ അവനെ യഹൂദനോ ക്രിസ്ത്യാനിയോ ആക്കുന്നു). നബി(സ) ഒരു പ്രഭാഷണത്തിൽ പ്രസ്താവിച്ചതായി ഇമാം അഹ്മദ് ഉദ്ധരിക്കുന്നു:

إِنَّ رَبِّي يَقُول إِنِّي خَلَقْتُ عِبَادِي حُنَفَاءَ كُلَّهُمْ وَإِنَّهُمْ أَتَتْهُمُ الشَّيَاطِينُ فَاجْتَالَتْهُمْ عَنْ دِينِهِمْ وَحَرَّمَتْ عَلَيْهِمْ مَا أَحْلَلْتُ لَهُمْ وَأَمَرَتْهُمْ أَنْ يُشْرِكُوا بِي مَا لَمْ أُنْزِلْ بِهِ سُلْطَانًا

(എന്റെ നാഥൻ അരുൾ ചെയ്യുന്നു: എന്തെന്നാൽ എന്റെ അടിമകളെയൊക്കെയും സൃഷ്ടിച്ചിട്ടുള്ളത് നിഷ്കളങ്കരായിട്ടാകുന്നു. പിന്നെ ചെകുത്താന്മാർ അവരെ സമീപിച്ച് അവരുടെ സത്യധർമത്തിൽനിന്ന് പിഴപ്പിച്ചു. ഞാൻ അനുവദിച്ചത് അവർ അവർക്ക് നിഷിദ്ധമാക്കി. ഞാൻ യാതൊരു പ്രമാണവും ഇറക്കിയിട്ടില്ലാത്തതിനെ എന്റെ പങ്കാളികളാക്കാൻ അവർ അവരോടു കൽപിച്ചു). حنفاء എന്ന പദത്തിന് അസത്യങ്ങളിൽനിന്ന് വേർപ്പെട്ട് സത്യദൈവത്തിലേക്ക് മാത്രം ചായ്‌വുള്ളവർ എന്ന അർഥം കൂടിയുള്ളത് ഇവിടെ അനുസ്മരണീയമാകുന്നു.

ശുദ്ധ പ്രകൃതിയിൽ ജനിക്കുന്ന മനുഷ്യരുടെ പ്രകൃതിയെ വികൃതമാക്കുന്നത് അവന്റെ ചുറ്റുപാട്- കുടുംബവും സമുദായവുമാണ്. ചെറുപ്പം മുതലേ കണ്ടറിയുന്നതിനോടും കേട്ടറിയുന്നതിനോടും- അറിവുകൾ തികച്ചും തെറ്റാണെങ്കിലും- അവൻ അനായാസം സമരസപ്പെടുന്നു. അവന്റെ ഉള്ളിൽ ചെകുത്താൻ പ്രചോദിപ്പിക്കുന്ന ദുർവാസനകളും ദുർവികാരങ്ങളും ഈ സമരസപ്പെടലിന് ആക്കം കൂട്ടുന്നു. ഇങ്ങനെ മലിനീകരിക്കപ്പെടുന്ന പ്രകൃതിയെ വിമലീകരിക്കാനും അല്ലാഹു ചില സജ്ജീകരണങ്ങളേർപ്പെടുത്തിയിരിക്കുന്നു. പ്രവാചകന്മാരുടെ സാരോപദേശങ്ങളും വേദപ്രമാണങ്ങളും അവരുടെയും അവരിൽ വിശ്വസിക്കുന്നവരുടെയും പ്രബോധനവും ജീവിത മാതൃകകളുമാണത്. പ്രവാചകന്റെ പ്രബോധനം പ്രകൃതിയുടെ സന്ദേശമാണ്. അദ്ദേഹം അവതരിപ്പിക്കുന്ന നിയമ വ്യവസ്ഥ- ശരീഅത്ത്- മനുഷ്യ പ്രകൃതിയുടെ താൽപര്യമാണ്. ഈ ദീൻ പുറമെ നിന്ന് നിങ്ങളുടെ മേൽ അടിച്ചേൽപിക്കപ്പെടുന്ന ഒന്നല്ല; നിങ്ങളുടെ ശുദ്ധ പ്രകൃതിയുടെ സാക്ഷാത്കാരമാണ്. മനുഷ്യന്റെ മൗലികമായ പ്രകൃതി എഴുതപ്പെടാത്ത വെള്ളക്കടലാസ് പോലെ ശൂന്യമാണെന്നും ചുറ്റുപാടുകളിൽനിന്ന് ലഭിക്കുന്ന പ്രചോദനങ്ങളുടെയും പരിചയിക്കുന്ന ശീലങ്ങളുടെയും സമ്പ്രദായങ്ങളുടെയും സൃഷ്ടി മാത്രമാണവനെന്നുമുള്ള സിദ്ധാന്തം തികച്ചും അബദ്ധമാണെന്നാണിത് വ്യക്തമാക്കുന്നത്. ദൈവം അതിവിശിഷ്ടമായ ഘടനയിലും രൂപത്തിലും വാർത്തെടുത്ത മനുഷ്യനിൽ അവൻ അമൂല്യമായ ചില മാനസിക ഗുണങ്ങളും യോഗ്യതകളും നിക്ഷേപിക്കുകയും ചെയ്തിരിക്കുന്നു. സത്യാസത്യങ്ങളുടെയും നന്മതിന്മകളുടെയും തിരിച്ചറിവും നന്മ സ്വീകരിക്കാനും തിന്മ നിരസിക്കാനുമുള്ള വികാരവും അവന്റെ പ്രകൃതിയിൽ നിക്ഷിപ്തമായിരിക്കുന്നു. പക്ഷേ ഈ പ്രകൃതി ജന്തുക്കളുടെ പ്രകൃതി പോലെയല്ല. ജന്തുക്കൾക്ക് അവയുടെ പ്രകൃതിയെ മറികടക്കാനാവില്ല. മനുഷ്യപ്രകൃതിയിലാകട്ടെ, ഇഛിക്കാനും ഇഛിക്കുന്നത് പ്രവർത്തിക്കാനുമുള്ള സ്വാതന്ത്ര്യം എന്ന ഒരു ഘടകം കൂടിയുണ്ട്. അതിനാൽ പലപ്പോഴും മനുഷ്യൻ സത്യാസത്യബോധം ഉള്ളതോടൊപ്പം തന്നെ ഭൗതികപ്രേമത്തിനും ആസക്തികൾക്കും അടിപ്പെട്ട് അസത്യങ്ങളാചരിക്കുന്നു. ആചരിക്കുക മാത്രമല്ല, അസത്യത്തെ സത്യത്തിന്റെ കുപ്പായമണിയിച്ച് പരിരക്ഷിക്കാൻ പലതരം തത്ത്വശാസ്ത്രങ്ങളും സിദ്ധാന്തങ്ങളും ആവിഷ്കരിക്കുകയും ചെയ്യുന്നു.

മനുഷ്യന് പ്രവാചകവര്യന്മാരുടെ മാർഗദർശനം ആവശ്യമാകുന്നത് അവന് സത്യാസത്യ വിവേചനശക്തിയും ബോധവും ഇല്ലാത്തതുകൊണ്ടല്ല. വിവേചനശക്തി ഉള്ളതോടൊപ്പം തന്നെ ആ ബോധത്തെ നിഷ്ക്രിയമാക്കുന്ന ചില ദൗർബല്യങ്ങളും അവനിലുണ്ട്. ഉദാ: അജ്ഞത, അവിവേകം, ക്ഷുദ്രമായ ആസക്തികളുടെ വേലിയേറ്റം. ഇത്തരം ദൗർബല്യങ്ങളാൽ സ്വന്തം പ്രകൃതിയുടെ ശരിയായ താൽപര്യങ്ങൾ തിരിച്ചറിയുന്നതിൽ പലപ്പോഴും അവൻ പരാജയപ്പെടുന്നു. അതുകൊണ്ട് അവയെ നേർവഴി കാട്ടാൻ അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചിരിക്കുകയാണ്. മനുഷ്യനിൽ നിക്ഷിപ്തമായ അന്തർബോധങ്ങളിൽ അധിഷ്ഠിതമായ അധ്യാപനങ്ങൾ തന്നെയാണ് പ്രവാചകന്മാർ നൽകുന്നത്. സൽപ്രകൃതി ഏറെ വികലമാക്കാത്തവർക്ക് പ്രവാചക സന്ദേശം സ്വന്തം മനസ്സാക്ഷിയുടെ സന്ദേശമായി മനസ്സിലാകുന്നു. പ്രകൃതിയെ വികൃതമാക്കിയവർ ആ വൈകൃതത്തിന്റെ തോതനുസരിച്ച് അതിനോട് വിയോജിക്കുകയും തിരസ്കരിക്കുകയും ചെയ്യുന്നു. എതിർക്കുന്നവരും അവരുടെ ഉള്ളിന്റെ ഉള്ളിൽ പ്രവാചകന്മാരുടെ സത്യാത്മകത സമ്മതിക്കുന്നുണ്ടാകും. ഖുർആൻ ذكر-ذكرى-تذكرة എന്നിങ്ങനെ സ്വയം വിശേഷിപ്പിക്കുന്നുണ്ട്. അനുസ്മരണം, അനുസ്മരിപ്പിക്കൽ എന്നാണീ പദങ്ങളുടെ അർഥം. മനുഷ്യപ്രകൃതിയിൽ അന്തർഗതമായിട്ടുള്ളതും അവന്റെ തന്നെ അവഗണനയാൽ വിസ്മൃതിയുടെ പർദയാൽ മൂടപ്പെട്ടതുമായ യാഥാർഥ്യങ്ങൾ ഓർമിപ്പിക്കുകയാണ് യഥാർഥത്തിൽ ഈ വേദം ചെയ്യുന്നതെന്ന് സൂചിപ്പിക്കുകയാണ് ആ വിശേഷണങ്ങൾ.

لَا تَبْدِيلَ لِخَلْقِ اللَّهِ -യിലെ خلق കൊണ്ടുദ്ദേശ്യം അല്ലാഹു സൃഷ്ടിച്ചിട്ടുള്ള പ്രകൃതിഘടനയാണ്. അതിൽ മാറ്റം നിഷേധിക്കുന്നതിന് രണ്ട് രൂപങ്ങളുണ്ട്. മാറ്റം ഒരിക്കലും സാധ്യമോ സംഭവ്യമോ അല്ല എന്നതാണൊന്ന്. ഉദാഹരണമായി, കണ്ണിനെ കാതായോ നേരെമറിച്ചോ പകരം വെക്കാൻ ആർക്കും ഒരിക്കലും കഴിയില്ല. ഇതിന് ആശയലോകത്തു നിന്ന് ഒരു ഉദാഹരണം: മനുഷ്യൻ അല്ലാഹുവിന്റെ സൃഷ്ടിയും അടിമയുമാണ്. അവനെ ദൈവത്തിന്റെ സൃഷ്ടിയും അടിമയും അല്ലാതാക്കാൻ ആർക്കാണ് കഴിയുക? ദൈവം ഏകനാകുന്നു. അവനെ പലതാക്കാൻ കഴിയുന്നവരാണ്? കണ്ണിനെ ചെവിയായും ചെവിയെ കണ്ണായും മാറ്റാൻ ശ്രമിക്കുന്നതിലേറെ മൗഢ്യമാണിത്. അല്ലാഹു നൽകിയ ഘടനയെയും പ്രകൃതിയെയും മാറ്റാൻ പാടില്ല, മാറ്റുന്നത് ഹിതകരമല്ല എന്നതാണ് നിഷേധത്തിന്റെ രണ്ടാമത്തെ രൂപം. അല്ലാഹു

സ്രഷ്ടാവാണ്. വെറും സ്രഷ്ടാവല്ല. ഏറ്റം ഭദ്രമായും സുന്ദരമായും സൃഷ്ടിക്കുന്നവൻ- احسن الخالقين . തന്റെ സൃഷ്ടിയുടെ ഉദ്ദേശ്യങ്ങളും താൽപര്യങ്ങളും അവനെപ്പോലെ മറ്റാർക്കും അറിയാനാവില്ല. അതിനാൽ അവന്റെ സൃഷ്ടിയെ പരിഷ്കരിക്കാനും പരിവർത്തിപ്പിക്കാനും അർഹരായും ആരുമില്ല. ദൈവം സൃഷ്ടിച്ചതിനെ പരിഷ്കരിക്കാനും സംസ്കരിക്കാനും മെച്ചപ്പെടുത്താനും തുനിയുന്നവൻ തികഞ്ഞ വിഡ്ഢിയായിരിക്കും. അല്ലാഹു നേത്രം സ്ഥാപിച്ചിരിക്കുന്നത് നെറ്റിയോട് ചേർന്നാണ്. കണ്ണുകൾ പിടലിയിലേക്കോ തലക്കു മുകളിലേക്കോ മാറ്റി സ്ഥാപിക്കാൻ ഒരുവേള വൈദ്യശാസ്ത്രത്തിനു കഴിഞ്ഞുവെന്നു വെക്കുക. എങ്കിൽ ആകാരത്തിനു വൈരൂപ്യവും കാഴ്ചക്ക് വൈകല്യവുമാണതുണ്ടാക്കുക. അല്ലാഹു മനുഷ്യനെ ആണും പെണ്ണുമായി സൃഷ്ടിച്ചിരിക്കുന്നു. ആണിൽനിന്ന് ആൺധർമവും പെണ്ണിൽനിന്ന് പെൺധർമവുമാണ് പ്രകൃതി ആവശ്യപ്പെടുന്നത്. ആണ് പെണ്ണായി മാറാനോ പെണ്ണ് ആണായി മാറാനോ ശ്രമിക്കുന്നത് പ്രകൃതിവിരുദ്ധമായ നീക്കമാണ്. പ്രജനനം മുതൽ സകല സാംസ്കാരിക-നാഗരിക വികാസങ്ങളെയും അത് പ്രതികൂലമായി ബാധിക്കുന്നു. ഇതുതന്നെയാണ് പ്രകൃതി ദീനിന്റെ - دين الفطرة -യും അവസ്ഥ. അല്ലാഹു മനുഷ്യപ്രകൃതിയിൽ നിവേശിപ്പിച്ചിട്ടുള്ള മൗലികമായ അന്തർബോധങ്ങളുടെ വികാസ സങ്കോചങ്ങളെ ആശ്രയിച്ചിരിക്കുന്നു അവന്റെ ഇഹപര വിജയപരാജയങ്ങൾ. قَدْ أَفْلَحَ مَن زَكَّاهَا ﴿٩﴾ وَقَدْ خَابَ مَن دَسَّاهَا ﴿١٠﴾ (മനസ്സിലെ മൗലികമായ സദ്ബോധത്തെ വളർത്തിയവൻ വിജയിച്ചു. സദ്ബോധത്തെ അടിച്ചമർത്തി ദുർവാസനകളെ വളർത്തിയവൻ പരാജയപ്പെട്ടു-91:9,10) എന്നീ കൊച്ചു വാക്യങ്ങൾ പ്രകാശിപ്പിക്കുന്നത് ഈ മഹാ സത്യത്തെയാണ്. പ്രകൃതിപരമായ മൂല്യബോധത്തിൽനിന്ന് മനുഷ്യൻ എത്രത്തോളം വ്യതിചലിക്കുന്നുവോ അത്രത്തോളം അവൻ ജീവിതത്തിന്റെ നേരായ പാതയിൽ - صراط مستقيم -നിന്ന് അകന്നുപോകുന്നു. ആധുനിക ദർശനങ്ങളും ഭൗതിക ശാസ്ത്രവും എത്രയൊക്കെ ന്യായീകരിച്ചാലും അതിന്റെ അനിവാര്യമായ അനന്തരഫലം ഇരുലോകത്തെയും പരാജയമായിരിക്കും. കാരണം പ്രവാചകന്മാരിലൂടെ വെളിപ്പെടുത്തപ്പെട്ട ഈ ദൈവിക ധർമം-الدّين - ആണ് ഏറ്റവും ശരിയായിട്ടുള്ളതും മനുഷ്യനെ അവന്റെ ജീവിത സാഫല്യത്തിലേക്കെത്തിക്കുന്നതും. قيّم എന്ന പദവും قيام-ന്റെ കർതൃരൂപങ്ങളിലൊന്നാണ്. ഋജുവായത്, ചുമതലക്കാരൻ, കാര്യദർശി, വക്കീൽ തുടങ്ങിയ അർഥങ്ങളിലാണ് ഈ പദം ഉപയോഗിക്കാറുള്ളത്. ഏറ്റവും ശരിയായിട്ടുള്ളതും മനുഷ്യന്റെ ജീവിത വ്യവഹാരങ്ങളുടെ നിയാമകമായിട്ടുള്ളതുമായ ധർമവ്യവസ്ഥ എന്നാണ് الدِّينُ الْقَيِّمُ-ന്റെ ആശയം. മനുഷ്യന്റെ ബുദ്ധിയുമായും പ്രകൃതിപരമായ ബോധ്യങ്ങളുമായും നേരിട്ട് ബന്ധമുള്ള ധർമവ്യവസ്ഥയാണത്. മനുഷ്യന് വളവുതിരിവുകളില്ലാതെ അല്ലാഹുവിങ്കലേക്കെത്താനുള്ള നേർപാത. പക്ഷേ അധിക മനുഷ്യരും ഈ സത്യം അറിയുന്നില്ല. അവർ ജഡികാസക്തികൾക്കും പൈശാചിക പ്രചോദനങ്ങൾക്കും അടിപ്പെട്ട് നേർപാത വെടിഞ്ഞ് വക്രവും സങ്കീർണവുമായ പാതകളിൽ സഞ്ചരിക്കുകയും അതാണ് ശരിയായ പാതയെന്ന് ശഠിക്കുകയും നേർപാതയിൽ സഞ്ചരിക്കാൻ ശ്രമിക്കുന്നവരെ ആക്ഷേപിക്കുകയും ആക്രമിക്കുകയും ചെയ്യുകയാണ്. ●

---

مُنِيبِينَ إِلَيْهِ وَاتَّقُوهُ وَأَقِيمُوا الصَّلَاةَ وَلَا تَكُونُوا مِنَ الْمُشْرِكِينَ ﴿٣١﴾

31. സ്ഥിരമായി അല്ലാഹുവിനെ അവലംബിക്കുകയും ആശ്രയിക്കുകയും ചെയ്യുന്നവരായി വർത്തിക്കുവിൻ. അവനോട് ഭയഭക്തിയുള്ളവരായിരിക്കുവിൻ. നമസ്കാരം നിലനിർത്തുവിൻ. ബഹുദൈവവാദികളിൽ പെട്ടുപോകരുത്.

**31**

مُنِيبِينَ إِلَيْهِ= അവനിലേക്ക് മടങ്ങുന്നവരായ അവസ്ഥയിൽ (സ്ഥിരമായി അല്ലാഹുവിനെ അവലംബിക്കുകയും ആശ്രയിക്കുകയും ചെയ്യുന്നവരായി വർത്തിക്കുവിൻ)

وَاتَّقُوهُ= അവനോട് ഭയഭക്തിയുള്ളവരായിരിക്കുവിൻ وَأَقِيمُوا الصَّلَاةَ= നിങ്ങൾ നമസ്കാരം നിലനിർത്തുവിൻ

وَلَا تَكُونُوا= (പെട്ടുപോകരുത്) നിങ്ങൾ ആവരുത് مِنَ الْمُشْرِكِينَ= ബഹുദൈവവാദികളിൽ, ശിർക്ക് ചെയ്യുന്നവരിൽ

مُنِيبُون إِنَابَة-ന്റെ കർതൃ ബഹുവചനമാണ് مُنِيبُون. ഭാഷാർഥത്തിൽ انابة 'മടക്കം' ആണെങ്കിലും പിഴകളിൽ പശ്ചാത്തപിക്കുന്നതിനും സന്മാർഗദർശനത്തിനും അനുഗ്രഹങ്ങൾക്കും ആപത്രക്ഷക്കും പതിവായി അല്ലാഹുവിനെ ആശ്രയിക്കുകയും അവലംബിക്കുകയും ചെയ്യുന്നതിനുമാണ് انابة സാധാരണ ഉപയോഗിക്കുന്നത്. ഊഴം, തവണ തുടങ്ങിയ അർഥങ്ങളിൽ نوبة എന്നു പറയുന്നു. ഇവിടെ مُنِيبِينَ إِلَيْهِ -യുടെ ബന്ധം മുൻ സൂക്തത്തിലെ فَأَقِمْ وَجْهَكَ എന്ന വാക്യവുമായിട്ടാണ്. നിഷ്കളങ്കമായി അദ്ദീനിലേക്ക് ഉന്മുഖരാകുന്നവരുടെ അവസ്ഥ ( حال) സൂചിപ്പിക്കുകയാണ്: അവർ ജീവിതത്തിന്റെ എല്ലാ കാര്യങ്ങളിലും എല്ലാ അവസ്ഥകളിലും അല്ലാഹുവിനെ അവലംബിക്കുന്നവരും ആശ്രയിക്കുന്നവരുമായിരിക്കണം. അവന്റെ പ്രീതിയിലും പ്രതിഫലത്തിലും പ്രതീക്ഷയർപ്പിച്ചവരും അപ്രീതിയെയും ശിക്ഷയെയും ഭയപ്പെടുന്നവരുമായിരിക്കണം. മുൻ സൂക്തത്തിലെ حنفية പരാമർശവും ഈ സൂക്തത്തിലെ انابة - تقوى പരാമർശങ്ങളും ദൈവിക ധർമത്തോടുള്ള മനുഷ്യന്റെ ആഭിമുഖ്യം ആ പ്രമേയത്തിനുള്ള ബുദ്ധിപരമായ അംഗീകാരം എന്നതിലുപരി ദൈവത്തോടുള്ള ആശ്രിതത്വത്തിലും ഭയഭക്തി

യിലും അവന്റെ വിധിവിലക്കുകൾ അനുസരിക്കുന്നതിലും അധിഷ്ഠിതമായിരിക്കണമെന്ന് ഊന്നിപ്പറയുകയാണ്.

ദീനിനോടുള്ള നിഷ്കളങ്കമായ ആഭിമുഖ്യവും അല്ലാഹുവിനോടുള്ള ആശ്രിതത്വവും ഭയഭക്തിയുമെല്ലാം മനോവൃത്തികളാണ്. ഇവ മനസ്സിൽ ഒതുങ്ങിയിരുന്നാൽ പോരാ, പ്രായോഗിക ജീവിതത്തെ സ്വാധീനിക്കുകയും സംസ്കരിക്കുകയും ചെയ്യേണ്ടതുണ്ട്. അതിലേക്കുള്ള പ്രഥമ കവാടമാണ് നമസ്കാരം. ദീനുൽ ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിലൊന്നായ നമസ്കാരത്തിന്റെ പ്രാധാന്യം മുൻ സൂറകളിൽ ആവർത്തിച്ചു പറഞ്ഞിട്ടുള്ളതാണ്. നിരന്തരം അല്ലാഹുവിങ്കലേക്ക് മടങ്ങിക്കൊണ്ടിരിക്കുന്നതിന്റെ-انابة ഔദ്യോഗിക രൂപമാണ് اقامة الصلاة.

നിങ്ങൾ ശിർക്ക് ചെയ്യുന്നവരിൽ പെട്ടവരായിക്കൂടാ എന്ന വാക്യത്തിന് രണ്ട് താൽപര്യങ്ങളുണ്ട്: ഒന്ന് ബഹുദൈവവിശ്വാസികളോ വിഗ്രഹാരാധകരോ ആയിക്കൂടാ. ഏകദൈവവിശ്വാസത്തിലും ആരാധനയിലും അടിയുറച്ചുനിൽക്കണം. രണ്ട്, നിങ്ങൾ മുശ്‌രിക്കുകളാവരുത്. وَلَا تَكُونُوا مُشْرِكِينَ എന്നതിനു പകരം وَلَا تَكُونُوا مِنَ الْمُشْرِكِينَ എന്നു പറയുമ്പോൾ ശിർക്ക് ചെയ്യുന്ന ഒരു വിഭാഗത്തിലും നിങ്ങൾ പെട്ടുപോകരുത് എന്ന അർഥം ലഭിക്കുന്നു. പരസ്യമായി ശിർക്ക് ചെയ്യുന്നവരും പരോക്ഷമായി ശിർക്ക് ചെയ്യുന്നവരുമുണ്ട്. ഏകദൈവത്വം വാദിച്ചുകൊണ്ടുതന്നെ പ്രായോഗികമായി ബഹുദൈവത്വമാചരിക്കുന്നവരുണ്ട്. വിഗ്രഹങ്ങൾക്കു പകരം ജീവിക്കുന്ന മനുഷ്യരെ, അവരുടെ സിദ്ധാന്തങ്ങളെ ആരാധിക്കുന്നവരുണ്ട്. ചിലയാളുകൾ തങ്ങളെതന്നെ ദൈവമാക്കി പൂജിക്കുന്നു. ഇത്തരം എല്ലാ ശിർക്കുകളിൽനിന്നുമുള്ള അകന്നുനിൽക്കൽ ദൈവിക ദീനിനോടുള്ള നിഷ്കളങ്കമായ ആഭിമുഖ്യത്തിന്റെ അനിവാര്യതയാകുന്നു. ●